

# എന്റെ എല്ലാ

രാഘവൻ തിരുമുൽപ്പാട്

# വഴികളും ഇവിടെയെത്തുന്നു

**സി.ആർ. പരമേശ്വരൻ**

**രണ്ട് വഴികളിൽ ജീവിതത്തെ സമീപിച്ച രണ്ടുപേർ: സി.ആർ. പരമേശ്വരനും രാഘവൻ തിരുമുൽപ്പാടും. ഒരാൾ എഴുത്തിൽ ഭൗതികമായ ബോധ്യങ്ങളോടെ തീക്ഷ്ണമായി സഞ്ചരിച്ചു. അതേ തീക്ഷ്ണതയോടെ വിട്ടുനിന്നു. മറ്റെയാൾ ഗ്രാമത്തെ ജ്ഞാനത്താൽ പ്രകാശിപ്പിച്ചു; ജീവിതത്തെ പുതുക്കിപ്പണിതു. ഉള്ളുറപ്പുള്ളതും സാർഥകവുമായ ആ ജീവിതത്തോടുള്ള ആദരമാണ് ഈ കുറിപ്പ്.**

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാടിനെ അടുത്തറിഞ്ഞവർക്ക് അദ്ദേഹത്തെ വിവരിക്കാൻ തോന്നുക 'എന്റെ തത്ത്വചിന്തകൻ' എന്ന വാക്കുകൾ കൊണ്ടാണ്. അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തോട് അടുത്തിടപഴകിയ ഘട്ടത്തിൽ പോലും അദ്ദേഹത്താൽ സ്വാധീനിക്കപ്പെടാതിരിക്കാൻ മാനസികപ്രതിരോധമുയർത്തിപ്പോന്ന ഞാൻ അത് ഉപയോഗിക്കുന്നത് അദ്ദേഹത്തിന് യശസ്കരമാകുമോ എന്ന് സംശയമുണ്ട്. വിസ്തരിക്കുവാൻ അതിലളിതമെങ്കിലും ആചരിക്കാൻ അതികഠിനമായ യമനിയമങ്ങൾ അനായാസമായി അനുശീലിച്ചുകൊണ്ട്, സദാ കർമനിരതനായി അദ്ദേഹം സഞ്ചരിച്ച വഴികളിൽനിന്ന് എത്രയോ അകലെയാണ് മിക്കവാറും ഭയകാമക്രോധങ്ങളാൽ നിയന്ത്രിക്കപ്പെടാനിടയായ എന്റെ വഴികൾ. വഴികൾ വ്യത്യസ്തമെങ്കിലും, അനന്യമാം വിധത്തിൽ തന്റെ ബോധ്യങ്ങൾക്കനുസരിച്ച് ദീർഘകാലം ജീവിച്ച ഒരാളോടുള്ള ആദരവ് പ്രകടിപ്പിക്കാതെ പോകുന്നതെങ്ങനെ? തന്നെയുമല്ല, പ്രിയപ്പെട്ട നാലഞ്ചു സാഹിത്യകാരന്മാരെ ഒഴിച്ചു നിർത്തിയാൽ മനസ്സിന്റെ മൂലകങ്ങളിൽ രാസപരിവർത്തനം നടത്തിയ മറ്റൊരാളെ ഓർമിക്കാനില്ലാത്തതു കൊണ്ട് ഞാനും അദ്ദേഹത്തെ 'എന്റെ തത്ത്വചിന്തകൻ' എന്നു തന്നെ വിശേഷിപ്പിക്കുന്നു.

ബാല്യം മുതലേ എനിക്ക് പരിചയമുള്ള ഞങ്ങളുടെ ഗ്രാമവൈദ്യൻ രാഘവൻതിരുമുൽപ്പാടായിരുന്നു. ഗ്രാമമെന്നാൽ ചാലക്കുടിയും അതിനു ചുറ്റുമുള്ള നാലഞ്ചു സ്ഥലങ്ങളും ചേർന്ന ഒരു ഗ്രാമസമുച്ചയം. അന്ന് ഈ സമുച്ചയത്തിൽ ഏറെക്കുറെ എല്ലാവരും പരസ്പരം അറിയുമായിരുന്നു. തിരുമുൽപ്പാടിന്റെ കാര്യം പ്രത്യേകം പറയാനുമില്ല. എനിക്ക് ഓർമ വെക്കുമ്പോൾ തിരുമുൽപ്പാട് പ്രായം കൊണ്ട് ഒരു യുവാവായിരുന്നു. എന്നാൽ യൗവനത്തിന്റെ പേരിൽ ആരെങ്കിലും അദ്ദേഹത്തെ അവഗണിച്ചിട്ടുള്ളതായി കാണുകയോ കേൾക്കുകയോ ഉണ്ടായിട്ടില്ല. സാംസ്കാരികകാര്യങ്ങളിൽ സൂക്ഷ്മമായ അവഗാഹമുണ്ടായിരുന്ന, ഒരു പക്ഷേ, അവസാനത്തെ രാഷ്ട്രീയക്കാരനായിരുന്ന പനമ്പിള്ളിയെ പോലുള്ള നേതാക്കൾ, മഹാവൈദ്യന്മാർ, ഭാഷാപണ്ഡിതർ, അധ്യാപകശ്രേഷ്ഠന്മാർ – എല്ലാവർക്കും തിരുമുൽപ്പാടിനോട് സ്നേഹബഹുമാനങ്ങളായിരുന്നു. അന്നും ചാലക്കുടിയിലും പരിസരത്തുമുണ്ടായിരുന്ന ജ്ഞാനവൃദ്ധരോടായിരുന്നു തിരമുൽപ്പാടിന്റെ പ്രായത്തിനു നിരക്കാത്ത ചങ്ങാത്തം. നാലഞ്ചു ക്ഷേത്രങ്ങളുടെ അയലിലായിരുന്നെങ്കിലും, ആരാധന ലളിതം. സവർണ സമൂഹത്തിലെ സാമൂഹികാഘോഷങ്ങളിൽ സാന്നിധ്യം ചുരുക്കം. യൗവനസഹജമായ എന്റെ അപക്വതകൊണ്ട് തമ്മിൽ ഉണ്ടാകാറുള്ള വാഗ്വാദങ്ങൾ ശാന്തമാകുന്ന അവസരങ്ങളിൽ ഔപനിഷദികമായ ഒരു തരം സന്ദിഗ്ധത അന്തരീക്ഷത്തിലവശേഷിപ്പിച്ചു കൊണ്ട് ഒരു agnost ആയാണ് അദ്ദേഹം സ്വയം പരിചയപ്പെടുത്തുക. തന്റെ ആത്മകഥാപരമായ ഗ്രന്ഥങ്ങളിൽ അദ്ദേഹം നൽകുന്ന പ്രതീതികളിൽ നിന്ന് വ്യത്യസ്തമായി, ഹിംസ അശേഷം തീണ്ടാത്ത ഒരു അജ്ഞേയതാവാദി തന്നെ ആണ് എന്റെ അനുഭവത്തിൽ അദ്ദേഹം. എങ്കിലും ഒന്നിലും ഒരാളോടും നിഷേധാത്മകമായ നിലപാട് അദ്ദേഹം സ്വീകരിക്കാറില്ല. ഒന്നിനോടും ഒരാളോടും നിരുപാധികമായ വിധേയത്വം പുലർത്താറുമില്ല. സോക്രട്ടീസിന്റെ പുഞ്ചിരികൂടാതെ വാർധക്യത്തിന്റെ അവശതകളിലും അദ്ദേഹത്തെ കണ്ടിട്ടില്ല.

ഏതാണ്ട് ഒൻപതു ദശവർഷങ്ങളായി, ആർക്കും നിരീക്ഷണവിധേയമാക്കാവുന്ന വിധം സുതാര്യമായ ഒരു ജീവിതം അദ്ദേഹം പുലർത്തുന്നു. ആകസ്മികതകൾ നിർമിച്ചതെന്ന് തോന്നിപ്പിക്കുന്ന ഒരു പാറ്റേണിലൂടെ, പ്രകൃതി ഒരു വലിയ മനുഷ്യനെ എങ്ങനെ സജ്ജമാക്കുന്നു എന്ന കൗതുകം കലർന്ന കാഴ്ച കൗമാരം മുതലേ ഞാൻ കണ്ടിട്ടുണ്ട്. ദശകങ്ങൾ താണ്ടിക്കഴിഞ്ഞ, ഉള്ളുറപ്പുള്ളതും സാർഥകവുമായ ജീവിതത്തിന് കടുത്ത അനുഭവങ്ങളുടെ ഒരു പശ്ചാത്തലമുണ്ട്. എന്നാൽ പോലും ഒരിക്കലും അദ്ദേഹം ജീവിതത്തിനും ലോകത്തിനും നേരെ കയ്പോടും പകയോടും കൂടി പ്രതികരിച്ചിട്ടില്ല. അന്നത്തെ ധർമമനുസരിച്ചുള്ള തിരഞ്ഞെടുപ്പുവശാൽ ദരിദ്രനായി തീർന്ന ഒരു പരദേശി ബ്രാഹ്മണന് ക്ഷത്രിയസമുദായത്തിലുള്ള ഭാര്യയിലുണ്ടായ പുത്രനാണ് അദ്ദേഹം. അച്ഛനമ്മമാരും അഞ്ചാറു സഹോദരീസഹോദരന്മാരും ഉൾപ്പെട്ട വലിയ കുടുംബം. അന്നത്തെ സവർണകുടുംബങ്ങളെല്ലാം തന്നെ ഫ്യൂഡൽ സമ്പൽസമൃദ്ധിയിൽ മുങ്ങിയവയായിരുന്നു എന്നതാണ് പൊതുധാരണ. ഈ പൊതുധാരണയുടെ ചുമടിറക്കി വെക്കാൻ പഴയ കൊച്ചിയിലെ ദരിദ്രവാസികളായിരുന്ന ഞങ്ങൾക്കിന്നുമായിട്ടില്ല. ഞങ്ങളുടെ വീടുകളിൽ നിലനിന്നിരുന്ന, ആനന്ദിന്റെ വാക്കുകളിൽ പറഞ്ഞാൽ 'പട്ടിണിക്കും ദാരിദ്ര്യത്തിനും ഇടയിലുള്ള ഇല്ലായ്മ' എന്ന അവസ്ഥയെ കുറിച്ച് അധികം സാഹിത്യമുണ്ടായിട്ടില്ല. മുൻഗണനാക്രമമനുസരിച്ച് മറ്റുള്ളവരുടെ ഇല്ലായ്മയെക്കുറിച്ച് എഴുതിയിട്ടുണ്ടെങ്കിലും, ഞങ്ങൾ കടന്നു പോന്ന അപമാനകരമായിരുന്ന സ്വന്തം ഇല്ലായ്മയെക്കുറിച്ച് എഴുതാൻ ഇന്നും ലജ്ജയാണ്. തിരുമുൽപ്പാട് അക്കാലത്തെ അനുസ്മരിക്കുന്നത് ഇങ്ങനെയാണ്. 'അനവധി കുടുംബങ്ങളിൽ ഒന്നോ രണ്ടോ കുടുംബങ്ങൾമാത്രമേ ജന്മിമാർ എന്ന് പറയാവുന്നതായി ഉണ്ടായിരുന്നുള്ളൂ. ബാക്കിയുള്ളവർ ഊട്ടുപുരകളും അമ്പലങ്ങളും കയറിയിറങ്ങി രാജകൊട്ടാരങ്ങ ►

ളിലും നാടുവാഴിക്കുടുംബങ്ങളിലും ജോലിയെടുത്താണ് കഴിഞ്ഞു കൂടിയിരുന്നത്. പുരുഷന്മാർ ഇങ്ങനെയൊക്കെ കഴിഞ്ഞിരുന്നു. സ്ത്രീകൾ വല്ലാതെ വിഷമിച്ചിരുന്നു.' ദാരിദ്ര്യം കടുത്തപ്പോൾ ഉള്ള ആഭരണങ്ങളെല്ലാം വിറ്റ് വാങ്ങിയ എരുമകളെ കറന്ന് പാൽ വിറ്റാണ് തിരുമുൽപ്പാടിനെ അമ്മ മെട്രിക്കുലേഷൻ വരെ പഠിപ്പിച്ചത്. നല്ലനിലയിൽ പത്താംക്ലാസ്സ് പാസ്സായിട്ടും തുടർന്ന് പഠിക്കാൻ കഴിയാത്തതിനാൽ മദ്രാസിൽ റെയിൽവേയിൽ ചെറിയ ഒരു ജോലി സ്വീകരിച്ചു. നടപടികളിലെ സംശുദ്ധിയെക്കുറിച്ചുള്ള ഉറച്ച ധാരണമൂലം അഴിമതിക്കാരുടെ ഇടയിലും ദരിദ്രനായിത്തന്നെ തുടർന്നു. കഠിനമായ ക്ഷയരോഗം ബാധിച്ചതിനാൽ, ജോലിയുപേക്ഷിച്ച് നാട്ടിൽ തിരിച്ചെത്തിയ താൻ മരണത്തെ അതിജീവിച്ചത് അദ്ദേഹത്തിനിന്നും അത്ഭുതമാണ്. ആദ്യത്തെ തവണ രോഗം ബാധിച്ചപ്പോൾ ആയുർവേദചികിത്സ കൊണ്ടാണ് രോഗം ശമിച്ചത്. രോഗിയെന്ന നിലയിൽ അങ്ങനെ ആയുർവേദത്തിലേക്ക് ലഭിച്ച വെട്ടപ്പെടൽ ആണ് ആ ശാസ്ത്രം പഠിക്കാൻ അദ്ദേഹത്തിന് പ്രേരണയായത്. പഠനച്ചെലവിന് വഴിയില്ലാത്തതിനാൽ ഗുരുവിൻെറ വീട്ടിലെ അരിവെപ്പുകാരനായാണ് അദ്ദേഹം പഠനം പൂർത്തിയാക്കുന്നത്. ദാരിദ്ര്യാനുഭവം പരക്ലേശവിവേകം നൽകി. കടുത്ത രോഗാനുഭവങ്ങൾ രോഗത്തെയും ആരോഗ്യത്തെയും കുറിച്ച് ഇന്നും തുടരുന്ന അന്വേഷണങ്ങൾക്ക് പ്രേരിപ്പിച്ചു. ബാല്യകൗമാരങ്ങൾ സ്വാതന്ത്ര്യസമരകാലത്തായിരുന്നല്ലോ. സ്വാഭാവികമായും ഗാന്ധിദർശനം സൂക്ഷ്മാംശങ്ങളിൽ തന്നെ അത്തരം ഒരു മനസ്സിനെ ആവേശിച്ചു. പിന്നീട്, ആയുർവേദം പഠിക്കാനുള്ള സാഹചര്യം ആകസ്മികമായി തേടിയെത്തിയതുപോലെ തന്നെ. തർക്കവ്യാകരണ സാഹിത്യങ്ങളുൾപ്പെടെയുള്ള സംസ്കൃത പഠനത്തിനുള്ള സാഹചര്യവും ചെറുപ്പത്തിൽതന്നെ തിരുമുൽപ്പാടിനെ തേടിയെത്തുകയായിരുന്നു. സംസ്കൃതപരിചയവും ഉത്പതിഷ്ണുവായ ഒരു ഗുരുനാഥൻെറ സഹവാസവും നിമിത്തം ഉപനിഷത്തുക്കളും ഗീതയും ബുദ്ധനും ആ വ്യക്തിത്വത്തിൻെറ ഭാഗമായി. ഈ ചേരുവയിലേക്കാണ് പിന്നീട് ആയുർവേദത്തിൻെറ ബൃഹത്തായ തത്ത്വചിന്താപരമായ അംശങ്ങൾ സമൃക്കായി കൂടിക്കലരുന്നത്.

ഈ ചിന്താധാരകളുടെ സജീവസാന്നിധ്യം തിരുമുൽപ്പാടിൽ വെറും പഠിച്ചറിവുകളോ അലങ്കാരമോ ആയി ഒരാൾക്കും അനുഭവപ്പെടുകയില്ല. ദീർഘനേരം സംഭാഷണം നടത്തിയാലും ഒരു പണ്ഡിതനോട് സംസാരിക്കുകയായിരുന്നു എന്ന് നമുക്ക് തോന്നുകയില്ല. അത്രയ്ക്ക് മാത്രം ഈ ചിന്തകൾ ജൈവമായി തൻെറ ചോരയിൽ അലിഞ്ഞുചേർന്ന് വാക്കിലും പ്രവൃത്തിയിലും എഴുത്തിലും പ്രസരിക്കുന്നു. ഒരു ദരിദ്രരോഗിക്കുപോലും മനസ്സിലാക്കാനാവുംവിധം ലളിതമാണ് ജ്ഞാനം എന്ന് എന്നെ ബോധ്യപ്പെടുത്തിയിട്ടുള്ള മറ്റൊരു ബുദ്ധിജീവിയുമില്ല. ആധികാരികതയുള്ള ഇത്തരം ഒരു ദാർശനിക ഘടനയ്ക്ക് ഏത് പുതിയ അറിവിനെയും മുൻവിധികളില്ലാതെ സ്വീകരിക്കാം, മനസ്സിലാക്കാം, പരീക്ഷിക്കാം, നിരൂപിക്കാം, ആവശ്യമുള്ളത് സ്വാംശീകരിക്കാം. അദ്ദേഹം ഒന്നിനെയും – ആധുനിക വൈദ്യശാസ്ത്രത്തെയോ മാർക്സിസത്തെയോ – പൂർണമായി തള്ളിക്കളഞ്ഞില്ല. അവയുടെയെല്ലാം സാമൂഹികപ്രസക്തി, വിമർശനാത്മകതയോടെയെങ്കിലും, സഹഭാവത്തോടെ നോക്കിക്കണ്ടു. തൻെറ ലോകവീക്ഷണത്തോട് പൊരുത്തപ്പെടാത്ത അംശങ്ങളോടുള്ള വിയോജിപ്പുകൾ വളരെ വ്യക്തതയോടെ പ്രകടിപ്പിച്ചു. എഴുപതുകളിൽ തിരുമുൽപ്പാടിലേക്ക് എന്നെ ആകർഷിച്ച ഏറ്റവും വലിയ ഘടകം ചിന്താപരമായ ഏത് നവീനപ്രവണതയ്ക്ക് മുൻപിലും അദ്ദേഹം അമ്പരക്കാറില്ലെന്നതാണ്. പുതുപ്രവണതകൾ പെരുമഴയായിപ്പെയ്തിരുന്ന


നോവൽ ആരംഭിക്കുന്നു

പ്രകൃതിനിയമം

സി. ആർ. പരമേശ്വരൻ

26

മാതൃഭൂമി ആഴ്ചപ്പതിപ്പ്


1986 ഏപ്രിൽ 27—മെയ് 3

27

**സി.ആർ. പരമേശ്വരൻെറ 'പ്രകൃതിനിയമം' മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചപ്പോൾ**

ആ ദശകത്തിലും ജ്ഞാനത്തിൻെറ ഏകത്വത്തെക്കുറിച്ചുള്ള ബോധ്യം അദ്ദേഹം കുടയായി പിടിച്ചു. ആ ബോധ്യം ഒരു വിശദീകരണവും ആവശ്യമില്ലാത്തവിധം ദൃഢവും സ്വാഭാവികവുമായിരുന്നു. പ്രവണതകളെ, ആളുകളെ, സംഭവങ്ങളെ എല്ലാം കോസ്മിക് എന്ന് വിവരിക്കാവുന്ന ഒരു ജ്ഞാനവ്യവസ്ഥയിലേക്ക് ആഗിരണം ചെയ്ത്, വകതിരിച്ച്, ലളിതമായി വ്യാഖ്യാനിക്കാനും സംവദിക്കാനുമുള്ള കഴിവ് അദ്ദേഹത്തിലുള്ളതുപോലെ മറ്റൊരു ബുദ്ധിജീവിയിലും ഞാൻ കണ്ടിട്ടില്ല. ഒരു ഓർഗാനിക് ബുദ്ധിജീവിയിൽ മാത്രം സംഭവിക്കുന്നതുപോലെ, തൻെറ ലളിതവാദഗതികൾക്കിടയിൽ ഗീതയിൽനിന്നും ഗാന്ധിയിൽനിന്നും ബുദ്ധനിൽനിന്നും അഷ്ടാംഗഹൃദയത്തിൽനിന്നും ഉള്ള ഉദ്ധരണികൾ സമഞ്ജസമായി അണിനിരക്കും. കാൽനടയായി കടന്നുവന്ന കാലാതീതമായ വാക്കുകൾക്ക് നമ്മുടെ കാലത്തുള്ള സാർഥകത അങ്ങനെ പുതുക്കപ്പെടും. ഈ പ്രക്രിയയ്ക്കിടയിൽ, സംവാദത്തിൽ ഏർപ്പെടുന്ന ആൾ അജയ്യമെന്നും സുപരീക്ഷിതമെന്നും ഉറപ്പാക്കിയിട്ടുള്ള വിശകലനസാമഗ്രികളുടെ ബലവും പരിശോധിക്കപ്പെടും. മൂർത്ത സത്യത്തിൻെറ പ്രകാശത്തിൽ ജാർഗണുകൾ നിഷ്പ്രഭമാകും. മറ്റ് ആരോഗ്യശാസ്ത്രശാഖകളിൽ ഉള്ളതിനെക്കാളേറെ പ്രാധാന്യമാർന്ന്, ആത്മാവിൻെറയും മനസ്സിൻെറയും ഉയർന്ന തത്ത്വചിന്തയുടെയും സൂക്ഷ്മദേശങ്ങളെ ഭൗതികലോകത്തിൻെറ എല്ലാ ദൈനംദിനചര്യകളുമായി ഇണക്കുന്ന ഒരു പാലം ആയുർവേദത്തിൽ ഉണ്ട്. തിരുമുൽപ്പാട് അതിലൂടെ നിർബാധം സഞ്ചരിക്കുന്നു. ലോകസംഭവങ്ങളെയും ചരിത്രത്തെയും ആയുർവേദത്തിൻെറ ജ്ഞാനഘടനയിലേക്ക് അനായാസമായി പരാവർത്തനം ചെയ്ത് മനസ്സിലാക്കുന്ന ഒരു രീതി അദ്ദേഹത്തിൻെറ നിലപാടുകളെ അപ്രതിരോധ്യവും അത്രമേൽ മാനുഷികവും ആക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പാവപ്പെട്ട രോഗികളുമായുള്ള നിത്യസഹവാസം, ആരോടും സംവദിക്കാനും ആരെയും പഠിപ്പിക്കാനും ഉതകുന്ന സ്വഭാവത്തിലെ പ്രബോധകാംശം – ഇവ കൂടി ചേർന്നാൽ, മുൻപ് സൂചിപ്പിച്ചതുപോലെ വളരെ ആധികാരികതയുള്ള ഒരു മഹദ്‌വ്യക്തിത്വം നിർമിക്കപ്പെട്ടിട്ടുള്ള ഘടകങ്ങളെല്ലാമായി.

ധാരാളം ജീവിതാനുഭവങ്ങളും, അവയുടെ സൂക്ഷ്മാർഥങ്ങൾ പോലും അറിയാനുതകുന്ന പാണ്ഡിത്യവും, മൂർത്തത കൈവിടാതെ അവയെക്കുറിച്ച് പറയാനുള്ള കഴിവും ഉണ്ടായിട്ടും വിവരം കുറഞ്ഞ ആളുടെ മേൽ തൻെറ ജ്ഞാനാധികാരം അടിച്ചേൽപ്പിക്കാൻ ശ്രമിക്കാത്ത മറ്റൊരു ബുദ്ധിജീവിയെയും എനിക്ക് ഓർമവരുന്നില്ല. കാര്യങ്ങളെ അവയുടെ സഹജമായ സന്ദിഗ്ധാവസ്ഥയിൽ വിടുക എന്നത് തിരുമുൽപ്പാടിന് ഒരു ലീലയാണ്. 'ഇക്കാര്യങ്ങളെക്കുറിച്ച് ഇങ്ങനെയൊക്കെ കേട്ടിരിക്കുന്നു. ശരിയോ തെറ്റോ എന്ന് എനിക്കറിയില്ല.' – എന്നിങ്ങനെയുള്ള ഒരു മന്ദഹാസം അദ്ദേഹം ഒരിക്കലും കൈവിട്ടിട്ടില്ല. മുടങ്ങാതെ അദ്ദേഹത്തെ സന്ദർശിക്കുന്ന കാലത്ത് വ്യക്തിപരവും അതിനേക്കാളേറെ സാമൂഹികവും ആയ എൻെറ തത്കാല ഉത്കണ്ഠകൾ വളരെ ഗാഢമായിരുന്നു. അവയുടെ ആത്യന്തികമായ പ്രസക്തിയില്ലായ്മയെക്കുറിച്ച് പറയാൻ അദ്ദേഹം ഗീതയിലേക്കും ഗാന്ധിയിലേക്കും ബുദ്ധനിലേക്കും ആണ് പോകുക. 'കാലികസംഭവങ്ങളെ ക്ഷണികമായ ഉദ്വിഗ്നതകളെ സാർവകാലികവും സാർവലൗകികവുമായ ഈ വിശാലഭൂമികയിൽ വെച്ചുകൂടി കാണൂ.' എന്ന പരോക്ഷാഭിപ്രായപ്രകടനമൊഴിച്ചാൽ അദ്ദേഹത്തിന് നിർബന്ധങ്ങളൊന്നുമില്ല. അനിവാര്യതകളെ അംഗീകരിക്കാൻ വിമുഖനായിരുന്ന എന്നെ, സ്വത്വത്തെക്കുറിച്ച് ഓർമിപ്പിച്ച് പ്രകോപിപ്പിക്കാനാകാം എൻെറ പൂർവികരെ സംബോധന ചെയ്യുന്നതുപോലെ ജാതിപ്പേർ ഉപയോഗിച്ചേ അദ്ദേഹം വിളിക്കാറുള്ളൂ. യാഥാർഥ്യത്തിലേക്ക് പ്രചോദിപ്പിക്കാനാകാം, അദ്ദേഹം പലകുറി എൻെറ ജാതകം കുറിച്ചുതന്നിട്ടുണ്ട്. ഓരോ തവണയും, ജനനം മുതൽ മരണം വരെ മാറ്റമില്ലാതെ ദുരിതം വായിക്കാവുന്ന ഒരു ജാതകം. തൻെറ മുൻപിൽ വന്നുപെട്ട ഒരു മനുഷ്യമാതൃകയെ പഠിക്കുന്നതിലുള്ള കൗതുകം, പദപ്രശ്നം പൂരിപ്പിക്കുന്നതുപോലുള്ള ഒരു ഒഴിവുസമയ വിനോദം – ഇങ്ങനെ തോന്നിക്കുമെന്നല്ലാതെ താൻ ജ്യോതിഷവിശ്വാസിയാണെന്നോ അല്ലെന്നോ അദ്ദേഹം പറഞ്ഞിട്ടില്ല. സ്വന്തം കാര്യത്തിൽ, കടുത്ത ജ്യോതിഷപ്രവചനങ്ങളെ ആത്മീയസപര്യകൊണ്ടും ജീവിതചര്യകൊണ്ടും മറികടക്കുകയായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. രോഗാവസ്ഥയെ ത്രിദോഷ സിദ്ധാന്തത്തിൻെറ ഭൗതികാടിസ്ഥാനത്തിൽ വിവരിക്കുമ്പോൾ എനിക്ക് കഷ്ടിച്ച് മനസ്സിലാകും. എന്നാൽ അതിനും പശ്ചാത്തലമായി, പഞ്ചഭൂതസിദ്ധാന്തത്തെയും കർമസിദ്ധാന്തത്തെയും, പൂർവകർമപ്രേരിതവും കാലയോജിതവും ആയ വാസനകളുടെ ഫലമായുള്ള അഹിതാചരണത്തെയും, പൂർവജന്മപുനർജന്മ രൂപകമായ, ചങ്ങലയായ ജീവിതത്തെയും പ്രജ്ഞാപരാധങ്ങളും ദശവിധ പാപങ്ങളും ആരോഗ്യത്തെ ▶



സി.ആർ. പരമേശ്വരൻ



ഫോട്ടോകൾ എൻ.എം. പ്രദീപ്

ബാധിക്കുന്ന വിധത്തെയും കുറിച്ചുള്ള ആയുർവേദ സങ്കല്പങ്ങളെപ്പറ്റി അദ്ദേഹം വിവരിക്കുമ്പോൾ ആ അടരുകൾ ഭേദിക്കാനാകാതെ അന്നത്തെ എന്റെ മാർക്സിസ്റ്റ് യുക്തി നിന്ന് കിതയ്ക്കും. അതിനാൽ അദ്ദേഹം പറയുന്നവയെ ആശയവാദമെന്ന് അവഗണിച്ച് ഉത്തരങ്ങൾക്കായി ഭൗതികതയിൽത്തന്നെ തപ്പിക്കൊണ്ടിരിക്കും. എന്തായാലും, തിരുമുൽപ്പാട് നേരമ്പോക്കിനായി ഗണിച്ച തിരക്കഥപ്രകാരം തന്നെ പിന്നീടുള്ള എന്റെ മുപ്പതു വർഷത്തെ ജീവിതം മുടന്തി മുടന്തി സഞ്ചരിച്ചു. ഇന്ന് അനുകൂലമോ പ്രതികൂലമോ ആയ വാദഗതികളൊക്കെ അപ്രസക്തമായ കാലം. തിരുമുൽപ്പാടിന്റെ കൺസൽട്ടേഷൻ മുറിയിൽ ആവേശത്തോടെ ഞാൻ അന്ന് ഉച്ചരിച്ച പാഴ്‌വാക്കുകൾക്കു മീതെ മരിച്ച കൊല്ലങ്ങൾ കരിയിലകളായി വീണുകിടക്കുന്നു. സർവവ്യാപിയായ, തരംതിരിവുകൾ വേണ്ടതില്ലാത്ത അധികാരത്തിന്റെ നെറികേടുകളും അവയെ നേരിടാൻ ദയനീയമായി ശ്രമിക്കുന്ന നെറിവിന്റെ ദുർബല നാളങ്ങളും മാത്രം നിലനിൽക്കുന്നു എന്ന അറിവ് ഒഴിച്ചാൽ ഇന്ന് എന്നെ തൃപ്തിപ്പെടുത്തുന്ന ഒരു ഭൗതികയുക്തിയുമില്ല. 'ഒന്നൊന്നായെണ്ണിയെണ്ണിത്തൊട്ടെണ്ണും പൊരുളുക' ളെല്ലാമൊടുങ്ങിക്കഴിഞ്ഞു.

**രാഘവൻ തിരുമുൽപ്പാടും ഭാര്യ വിശാലാക്ഷി തമ്പുരാട്ടിയും**

ഏതാണ്ട് എല്ലാ കുടുംബങ്ങളെയും നേരിട്ടറിയാവുന്ന വിസ്തൃതമായ തന്റെ ഗ്രാമസമുച്ചയത്തിൽ, സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പ്രേരണകളുടെ അലകൾ അടങ്ങിയിട്ടില്ലാത്ത ഒരു കാലത്ത് വൈദ്യവൃത്തി ആരംഭിച്ച അദ്ദേഹത്തിന് ലളിതജീവിതം വളരെ സ്വാഭാവികമായ ഒരു തിരഞ്ഞെടുപ്പായിരുന്നു. രോഗി ആഢ്യനാവണം എന്ന വാഗ്ഭടപാഠം അദ്ദേഹത്തിന് അസ്വീകാര്യമായിരുന്നു. ആ ആചാര്യപാഠത്തെ കുറിച്ചുള്ള അതൃപ്തി നിറഞ്ഞ ആലോചന എന്നും തന്നെ അലട്ടിയിരുന്നതായി അദ്ദേഹം പറയുന്നു. അതിനാൽ നാം എന്തു ചെയ്യുമ്പോഴും ഏറ്റവും അധഃസ്ഥിതനു കൂടി പ്രയോജനപ്പെടണം എന്ന ഗാന്ധിജിയുടെ സിദ്ധാന്തത്തിന്റെ പ്രയോഗശാലയായിരുന്നു ചികിത്സോപദേശത്തിനായുള്ള അദ്ദേഹത്തിന്റെ മുറി. ആയുർവേദത്തിന്റെ മൗലികമായ കാഴ്ചപ്പാടുകൾ ലാളിത്യത്തെ കുറിച്ചുള്ള തന്റെ ഗാന്ധിയൻവീക്ഷണത്തിന് ഇണങ്ങുന്നതാണ് എന്ന് അദ്ദേഹം കണ്ടെത്തി.

കാലാർഥകർമങ്ങൾ എന്ന് ആയുർവേദഗ്രന്ഥങ്ങളിൽ പറയുന്ന വിശാലമായ ആശയം കൈചൂണ്ടുന്നത്, രോഗിയുടെ തെറ്റായ സാഹചര്യങ്ങളും ജീവിതശൈലിയും സമ്പ്രദായങ്ങളും തിരുത്തുന്ന പഥ്യ ചികിത്സയിലേക്കാണ്. തിരുമുൽപ്പാടിന്റെ ചികിത്സകൾ, അതിനാൽ മിക്കവാറും ഔഷധകേന്ദ്രിതമെന്നതിനേക്കാൾ പഥ്യകേന്ദ്രിതമായിരുന്നു. വൈദ്യവിദ്യാർഥിയായിരുന്ന കാലത്ത്, ആകസ്മികമായി കണ്ടുമുട്ടിയ, ശ്രീനാരായണഗുരുദേവന്റെ ശിഷ്യനായ മാമ്പലം വിദ്യാരണ്യസ്വാമികൾ അദ്ദേഹത്തിന് ഒരു ഉപദേശം നൽകുകയുണ്ടായി. 'നല്ലവണ്ണം പഠിക്കണം. നമ്മുടെ ചുറ്റുപാടും കാണുന്ന നാലഞ്ചുകൂട്ടം മരുന്നുകൾ കൊണ്ട് ഏതു രോഗവും ചികിത്സിക്കാൻ കഴിയണം.' നേരിട്ട് കാണാൻ ഇടവന്നിട്ടില്ലാത്ത നാരായണഗുരുവിന്റെ പരോക്ഷോപദേശമായി തിരുമുൽപ്പാട് ഇന്നും ഈ വാക്കുകളെ മനസ്സിലാക്കുന്നു.

മുപ്പത് വർഷം മുൻപ് ഞാൻ ജന്മദേശം വിടുന്ന കാലത്തും തിരുമുൽപ്പാടിന്റെ കൺസൽട്ടേഷൻ മുറി അതീവലളിതമായിരുന്നു. രണ്ട് മരബെഞ്ചുകളും ഒരു മേശയും മാത്രം. പങ്കയൊന്നുമില്ല. രോഗികൾ ഇടക്കിടെ വന്നും പോയും കൊണ്ടിരിക്കും. ഞാൻ രോഗികൾക്കുള്ള ബെഞ്ചിന്റെ ഒരറ്റത്ത് തുടരും. അവർക്ക് ചികിത്സ വിധിക്കുന്ന ഇടവേളകളൊഴിച്ചാൽ ബാക്കി സമയം സംഭാഷണങ്ങളിൽ ചെലവഴിക്കും. രോഗികൾ അധികവും ദരിദ്രരായിരുന്നു. ഫീസിന്റെ പരാമർശമൊന്നുമില്ല. അവർക്ക് നൽകാനാകുക ഒന്നോ രണ്ടോ രൂപയായിരിക്കും. (അൻപതുകൾ കഴിയും വരെ പഞ്ചസാരയും മോരും പച്ചക്കറികളും ഒക്കെ ആയിരുന്നു ഫീസ്). എന്തായാലും ഈ ദരിദ്രരോഗികൾ തിരുമുൽപ്പാടിനെ ഇല്ലായ്മയിൽ നിന്നും അതിസമ്പന്നനാവുന്നതിൽ നിന്നും കാത്തു. അത്തരക്കാർക്ക് താങ്ങാവുന്ന വിധത്തിലുള്ള നാട്ടുമരുന്നുകൾ ഉപയോഗിച്ചുള്ളവയായിരുന്നു ചികിത്സകൾ.

അദ്ദേഹം ആരുടെ ചികിത്സകനാണെന്ന് അറിയാനുള്ള അവസരം എനിക്ക് അക്കാലത്ത് ഉണ്ടായി. അവധിയിൽ വീട്ടിൽ ചെല്ലുമ്പോഴൊക്കെ എന്നെ ആകർഷിച്ചിരുന്ന ഒരു ദൃശ്യം എൻെറ അമ്മയ്ക്കു ചുറ്റുമുണ്ടായിരുന്ന ഓരോ തവണയും അംഗസംഖ്യ വർധിച്ചു വന്നിരുന്ന ഒരു വിധവാസംഘത്തിൻെറ സാന്നിധ്യമായിരുന്നു. പ്രായം കൊണ്ടും അനുഭവാധിക്യം കൊണ്ടും എൻെറ അമ്മതന്നെയായിരുന്നു അവരുടെ നേതാവ്. കേരളത്തിന് നഷ്ടപ്പെട്ട ഒരു അയൽജീവിതത്തിൻെറ വിലപിടിപ്പുള്ള ഓർമകളാണ് ആ അമ്മമാർ. അവർക്കിടയിൽ വളരെ സാധുവായ ഒരു സ്ത്രീയുണ്ടായിരുന്നു. കടുത്ത മാനസികവൈകല്യമുണ്ടായിരുന്ന മുതിർന്ന ഒരു മകളായിരുന്നു അവരുടെ ജീവിതകേന്ദ്രം. അവരുടെ മാനസികനില തന്നെ സാമാന്യബുദ്ധിയോളമെത്തിയിരുന്നില്ല. ശരാശരിയിലും ഉയർന്ന സാമ്പത്തികനിലയുള്ള ഒരു തറവാട്ടിൽ ജനിച്ച് പരമദാരിദ്ര്യത്തിലേക്ക് വീണ അവരെ ജീവിതത്തിൽ ബന്ധപ്പെട്ടവരൊക്കെ ഒരു ചവിട്ടിയായി ഉപയോഗിക്കുകയായിരുന്നു. അമ്മയുടെ സഹായിയായി അവരെ കണ്ടിട്ടുള്ളപ്പോഴൊക്കെ എന്നെ കുഴക്കിയിരുന്ന കാര്യം ഒരു കാരണവുമില്ലാതെ അവരുടെ മുഖത്തു കണ്ട ഒരു ചിരിയായിരുന്നു. സ്രഷ്ടാവ് താൻതന്നെ സൃഷ്ടിച്ച വ്യവസ്ഥയെ തൻെറതന്നെ ഇരയിലൂടെ പരിഹസിക്കുകയാണ് എന്നാണ് എനിക്ക് എപ്പോഴും തോന്നിയിട്ടുള്ളത്. ബുദ്ധിമാന്ദ്യമുള്ള മകളും ദാരിദ്ര്യവും മാത്രം സ്വത്തുക്കളായുണ്ടായിരുന്ന അവരുടെ ജീവിതത്തിന് പക്ഷാഘാതത്തിൻെറ രൂപത്തിൽ മറ്റൊരു സമ്മാനം കൂടി ലഭിച്ചു. 'അവരെങ്ങനെ കരകയറും' എന്ന ആശങ്ക നാട്ടുകാർക്കൊക്കെയുണ്ടായിരുന്നു. അത്തരക്കാർക്ക് പോകാൻ അന്ന് ചാലക്കുടിയിലും പരിസരത്തും തിരുമുൽപ്പാട് എന്ന വൈദ്യൻ മാത്രമേ ഉണ്ടായിരുന്നുള്ളു. വളരെ ലളിതവും ചിട്ടയുള്ളതുമായ ചികിത്സയിലൂടെ തിരുമുൽപ്പാട് ആ സ്ത്രീയെ വീണ്ടും ജോലിയെടുത്തു കഴിയാവുന്ന വിധം ജീവിതത്തിലേക്ക് നടത്തിക്കൊണ്ടുവന്നു.

ജനസമൂഹത്തിൽ തിരുമുൽപ്പാടിൻെറ സാന്നിധ്യമില്ലാത്ത ഒരു കാര്യവും അന്ന് ചാലക്കുടിയിലും പരിസരത്തും സങ്കൽപ്പിക്കുവാനാകുമായിരുന്നില്ല. പലപ്പോഴും മുട്ടിറങ്ങാത്ത ഒറ്റ ഖദർമുണ്ടുമായി രോഗീസന്ദർശനങ്ങൾക്കും മറ്റുമായി ഈ പാതകളിൽ അദ്ദേഹത്തെ കാണാം. മേൽക്കുപ്പായമൊക്കെ ധരിച്ചു കാണുന്നത് വളരെ കാലം കഴിഞ്ഞാണ്. മറ്റ് ഗതാഗതസൗകര്യങ്ങൾ കുറവായതിനാൽ യാത്രയെല്ലാം കാൽനടയായിത്തന്നെ, ഭാഗ്യവശാൽ, അന്നൊക്കെ സ്ഥലങ്ങൾ തമ്മിലും ആളുകൾ തമ്മിലും ഇന്നുള്ള ദൂരമില്ലായിരുന്നല്ലോ.

വൈദ്യത്തെയും രോഗത്തെയും കുറിച്ചുള്ള സമഗ്രവീക്ഷണം ജനങ്ങളോട് ശരിയായ ചര്യകളെകുറിച്ച് ഉച്ചരിച്ചു കൊണ്ടേയിരിക്കാൻ തിരുമുൽപ്പാടിനെ പ്രേരിപ്പിച്ചു. സ്വാതന്ത്ര്യാനന്തര ദശകത്തിൻെറ ഊർജസ്വലത, സാർവത്രികമായി മനുഷ്യമനസ്സിൽ രാസപരിവർത്തനം നടത്തുന്നതിൽ വിജയം കണ്ട ഗാന്ധിസന്ദേശത്തിൻെറ പുതുമ – ശരിക്കും വിലങ്ങു പൊട്ടിച്ചു വരുന്ന ഒരു മുഖഭാവം അക്കാലത്ത് തിരുമുൽപ്പാടിനെപോലുള്ള ധിഷണാശാലികൾക്കൊക്കെയുമുണ്ടായിരുന്നു. ആത്മീയസ്വാതന്ത്ര്യം വിതരണം ചെയ്യുന്ന ഒരു പ്രബോധകൻെറ റോൾ ബോധപൂർവമുള്ള ഒരു തിരഞ്ഞെടുപ്പിൻെറ ഭാഗമായിരുന്നു. 1965 വരെയെങ്കിലും തൃശ്ശൂരിലെ എക്സ്പ്രസ്സ് പത്രം വ്യക്തമായ നിലപാടെടുത്തിട്ടുള്ള ഒരു പാട് ആദർശശാലികൾക്ക് വേദിയായിരുന്നു. തൻെറ ലോകവീക്ഷണം പ്രചരിപ്പിക്കുന്ന ഒട്ടേറെ ലേഖനങ്ങൾ അക്കാലത്ത് തിരുമുൽപ്പാടിൻേറതായി എക്സ്പ്രസ്സിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. വിദ്യാല

**ഒൻപതു ദശവർഷങ്ങളായി, സുതാര്യമായ ഒരു ജീവിതം അദ്ദേഹം പുലർത്തുന്നു. ആകസ്മികതകൾ നിർമിച്ചതെന്ന് തോന്നിപ്പിക്കുന്ന പാറ്റേണിലൂടെ, പ്രകൃതി ഒരു വലിയ മനുഷ്യനെ എങ്ങനെ സജ്ജമാക്കുന്നു എന്ന കൗതുകം കലർന്ന കാഴ്ച കൗമാരം മുതലേ ഞാൻ കണ്ടിട്ടുണ്ട്.**

യങ്ങൾ, സാഹിത്യസമാജങ്ങൾ, തെരുവുയോഗങ്ങൾ, യുവജനസംഘ വാർഷികങ്ങൾ – മനുഷ്യരെ കാണാനും സംസാരിക്കാനും ഇടപഴകാനുമുള്ള ഒരു അവസരവും അദ്ദേഹം തിരസ്കരിച്ചിട്ടില്ല. ഇത് നല്ല തമാശകൾക്കും കാരണമാകാറുണ്ട്. ചാലക്കുടിയുടെ കിഴക്കൻ ഭാഗങ്ങൾ മദ്യസംസ്കാരത്തിൻെറ കാര്യത്തിൽ ഇന്നെന്ന പോലെ അന്നും കേരളത്തിൽ ഒന്നാം സ്ഥാനത്താണ്. തിരുമുൽപ്പാടിൻെറ സാത്വികസാന്നിധ്യം അലങ്കാരമായി കാണുന്ന മാന്യന്മാരായ മദ്യപാനികൾ മിക്കവാറും ഞങ്ങളുടെയൊക്കെ അധ്യാപകർ – സംഘടിപ്പിക്കുന്ന പൊതുയോഗങ്ങളിലെ സദസ്യർ മിക്കവാറും ദരിദ്രരായ മദ്യപാനികളും, മദ്യത്തെ കമ്യൂണിസത്തിന് പര്യായമായി കണ്ടിരുന്ന അന്നത്തെ പുത്തൻ റിബലുകളും ആയിരന്നു. ഇത്തരം യോഗങ്ങളിൽ തിരുമുൽപ്പാട് എത്രയോ കാലം നിസ്സങ്കോചം മദ്യവർജനമുൾപ്പെടെയുള്ള ഗാന്ധിസന്ദേശം പ്രചരിപ്പിച്ചിട്ടുണ്ട്. ഇത്തരം അധ്വാനം പാഴായിരുന്നു എന്ന് അദ്ദേഹം കരുതുന്നില്ല. സംസ്കാരം പ്രവർത്തിക്കുന്നത് സൂക്ഷ്മമായി പരോക്ഷമായി ഒറ്റയൊറ്റ മനസ്സുകളിലാണ്. ഏതെങ്കിലും അമ്മമാരിലും, അവരിലൂടെ ചില മക്കളിലും, ചില കുടുംബങ്ങളിലും അദ്ദേഹത്തിൻെറ സന്ദേശം സ്വാധീനം ചെലുത്തിയിരിക്കണം. രോഗിചര്യക്കും മറ്റ് പത്ഥ്യനിർദേശങ്ങൾക്കും പൂരകമായി മാത്രമേ അദ്ദേഹം ഔഷധങ്ങളെ എന്നും കണക്കാക്കിയിരുന്നുള്ളൂ പറഞ്ഞുവല്ലോ. അതിനാൽ, ശാരീരികവും മാനസികവും ആത്മീയവുമായ ചികിത്സാനിർദേശങ്ങൾ നൽകപ്പെട്ടുപോരുന്ന കൺസൽട്ടേഷൻ മുറിയുടെ അനുബന്ധമാണ് അദ്ദേഹത്തിന് പൊതുയോഗങ്ങൾ, അടിയുറച്ച സംസ്കൃത–മലയാള–ഭാഷാസംസ്കാരം, ഗ്രന്ഥപാരായണം കൊണ്ടും മുടങ്ങാത്ത ഇംഗ്ലീഷ് പത്രപാരായാണം കൊണ്ടും എപ്പോഴും പുതുക്കപ്പെട്ടുപോരുന്ന ലോകവിജ്ഞാനവും പ്രത്യയ ശാസ്ത്രജ്ഞാനവും. ഇത്രയും സാന്ദ്രമായ സ്വന്തം മനസ്സിനെ, രോഗഗ്രസ്തമായ ഒരു സമൂഹത്തെ ചികിത്സിക്കുന്നതിൻെറ ഭാഗമായി, പൊതുയോഗങ്ങളിലും ചികിത്സാമുറിയിലും പതിറ്റാണ്ടുകളായി വളരെ ലളിതമായ ഭാഷയുപയോഗിച്ച് അദ്ദേഹം പങ്കുവെക്കുന്നു.

മുൻപ് സൂചിപ്പിച്ചതു പോലെ ആയുർവേദം ഒരു ജീവനോപാധി എന്നതിനേക്കാൾ തൻെറ പ്രഞ്ചവീക്ഷണത്തിൻെറ അടിത്തറതന്നെയാണ് അദ്ദേഹത്തിന്. ഈയൊരു വിശാലവീക്ഷണത്തിന് മാത്രം സാധ്യമായ വിധത്തിൽ മറ്റ് വൈദ്യശാഖകളുടെ നല്ല അംശങ്ങളോട് ബഹുമാനം കലർന്ന വളരെ തുറന്ന മനസ്സാണ് അദ്ദേഹത്തിന് എന്നുമുണ്ടായിരുന്നിട്ടുള്ളത്. ഹോളിസ്റ്റിക് ചികിത്സയെക്കുറിച്ചും മറ്റുമുള്ള ധാരണകൾ സാർവത്രികമാകുന്നതിന് എത്രയോ മുൻപ് അത്തരം ഒരു സമീപനത്തിൻെറ ശാരീരിക – മാനസിക – ആത്മീയ മാനങ്ങളെക്കുറിച്ച് അദ്ദേഹം എഴുതുകയും പ്രസംഗിക്കുകയും ചെയ്തിട്ടുണ്ട്. ഹോമിയോപ്പതിയെക്കുറിച്ചും പ്രകൃതിചികിത്സയെക്കുറിച്ചും ഓരോ ഗ്രന്ഥങ്ങൾ യൗവനത്തിൽ തന്നെ അദ്ദേഹം രചിച്ചിട്ടുണ്ട്. ചില അവശ്യഘട്ടങ്ങളിൽ ആധുനികവൈദ്യത്തിലേക്ക് തിരിയാൻ മറ്റുള്ളവരെ ഉപദേശിക്കുന്നതിനോ സ്വയം ശീലിക്കുന്നതിനോ ആയുർവേദജ്ഞാനം അദ്ദേഹത്തിന് പ്രതിബന്ധമായിട്ടില്ല. 'ചരകസംഹിത'യെ അടിസ്ഥാനമാക്കിയുള്ള ഗ്രന്ഥരചനയിൽ ഡോ. വല്യത്താനെ പോലെയുള്ള പ്രഥമഗണനീയനായ ▶


ഒരു ഭിഷഗ്വരന് ഏറ്റവും വിലപ്പെട്ട നിർദേശങ്ങൾ ലഭിച്ചത് തിരുമുൽപ്പാടിൽ നിന്നാണല്ലോ.

ജ്ഞാനത്തിൻെറ ഏകത്വത്തെക്കുറിച്ചുള്ള അറിവ് തിരുമുൽപ്പാടിലെ അന്വേഷകനെ നാനാ ദിശകളിലേക്കും വളർത്തി. ഗാന്ധിസത്തെക്കുറിച്ചും ബുദ്ധനെക്കുറിച്ചും ഗീതയെക്കുറിച്ചും തിരുക്കുറളിനെ കുറിച്ചും ആയുർവേദത്തിൻെറ വിവിധ ശാഖകളെ കുറിച്ചും ഉപശാഖകളെ കുറിച്ചും മറ്റ് ചികിത്സാപദ്ധതികളെ കുറിച്ചും അദ്ദേഹം എഴുതിയഗ്രന്ഥങ്ങൾ ഇതിന് തെളിവാണ്. കോട്ടയ്ക്കൽ ആര്യവൈദ്യശാല നടത്താറുള്ള പ്രബന്ധമത്സരങ്ങളിൽ ഒരു വ്യാഴവട്ടക്കാലത്തോളം അദ്ദേഹം തന്നെയാണ് സമ്മാനിതനാവാറുള്ളത്. മധ്യവയസ്സ് കഴിഞ്ഞ് ഏറെക്കുറെ പ്രശസ്തനായതിനു ശേഷവും അദ്ദേഹം ഈ മത്സരത്തിൽ പങ്കെടുത്ത് പോന്നത് സമ്മാനിതനാവാനല്ല, മറിച്ച് ആയുർവേദത്തിൻെറയും ആധുനികവൈദ്യശാസ്ത്രത്തിൻെറയും സ്വന്തം ലോകവീക്ഷണത്തിൻെറയും വെളിച്ചത്തിൽ ഓരോ പ്രബന്ധവിഷയത്തെയും നിർധാരണം ചെയ്യാനുള്ള എന്നെന്നും പഠിതാവായി തുടരുന്ന ഒരാളുടെ കൗതുകം കൊണ്ടാണ്. ഔദ്യോഗിക അക്കാദമിക മണ്ഡലത്തിന് പുറമെയുള്ള ഒരാൾ രചിച്ച ആ പ്രബന്ധങ്ങളുടെ സമഗ്രതയും സംക്ഷിപ്തതയും സാമൂഹികാടിസ്ഥാനവും വൈദ്യലോകത്തിന് പുതിയതായിരുന്നു.

തിരുമുൽപ്പാടിൻെറ വിജ്ഞാന്വേഷണങ്ങൾക്ക് കൂടുതൽ സാർഥകത വന്നത് എൺപതുകൾക്കു ശേഷമാണെന്ന് പറയാം. തങ്ങൾ പഠിക്കുന്ന കോളേജുകളിൽ ലഭിക്കാത്ത സമഗ്രജ്ഞാനം പുറത്ത് അന്വേഷിച്ചെത്തിയ പുതിയ തലമുറയിലെ കുറെ ആയുർവേദവിദ്യാർഥികളെ അദ്ദേഹം പരിചയപ്പെടുന്നത് ഇക്കാലത്താണ്. ആധുനികധാരണകൾ കൂടിയുണ്ടായിരുന്ന ഈ വിദ്യാർഥികൾക്ക് ആയുർവേദതത്ത്വങ്ങളെ കുറിച്ചുള്ള ജ്ഞാനം, പ്രായോഗിക പരിചയം, സംസ്കൃതപാണ്ഡിത്യം, സാമൂഹികബോധം, തത്ത്വചിന്താപരമായ ആഴം, ഉത്പതിഷ്ണുത്വം എന്നിവ തികഞ്ഞ ഒരു വലിയ ഗുരുനാഥനെ ആവശ്യമായിരുന്നു. ഒരർഥത്തിൽ തിരുമുൽപ്പാടിലെ ലീനസത്വം മുഴുവനായി പുറത്തു കൊണ്ടുവന്നത് ആവശ്യക്കാരായി വന്ന ഈ വിദ്യാർഥികളാണ്. യാഥാസ്ഥിതികത്വം തൊട്ടുതീണ്ടാത്ത തിരുമുൽപ്പാടിനാണെങ്കിൽ ചെറുപ്പക്കാരുമായി സംവദിക്കുമ്പോൾ ഉത്സാഹം ഇരട്ടിക്കും. മുഖ്യമായും ഇവർക്കു വേണ്ടിയാണ് പന്ത്രണ്ടു വാല്യങ്ങളിലുള്ള അഷ്ടാംഗഹൃദയ സംഗ്രഹം വ്യാഖ്യാനവും മറ്റും എഴുതിയത്. ഈ വൈദ്യവിദ്യാർഥികളുടെ വരവോടെ അദ്ദേഹം മുൻപു നിർവഹിച്ച ഭഗവദ്ഗീത, ഗുരുഗീത, തിരുക്കുറൽ, ആത്മബോധം തർജമകൾക്കും, സാംഖ്യകാരിക, ഷഡ്ദർശനങ്ങൾ എന്നിവയ്ക്കുള്ള വ്യാഖ്യാനങ്ങൾക്കും, വിവിധ രോഗങ്ങളെക്കുറിച്ചും ചികിത്സാസമീപനങ്ങളെക്കുറിച്ചും ഉള്ള സമഗ്രമായ ചർച്ചാ പ്രബന്ധങ്ങൾക്കും യഥാർഥവായനക്കാരെ ലഭിച്ചു എന്നു പറയാം.

വ്യക്തിരോഗങ്ങളെ ദോഷവൈഷമ്യം ബാധിച്ച സ്ഥലകാലങ്ങളുടെ വികൃതികളായല്ലാതെ അദ്ദേഹം കണ്ടിട്ടുണ്ടെന്ന് തോന്നുകയേയില്ല. രോഗലക്ഷണങ്ങളെ പ്രായേണ കഷായാസവതൈലചൂർണങ്ങളാൽ നേരിടാൻ നിയുക്തരായ, ഞാൻ പരിചയപ്പെട്ടിട്ടുള്ള മറ്റ് അസംഖ്യം വൈദ്യന്മാരിലൊരാൾക്കു പോലും ഇങ്ങനെ ബൃഹത്തായ ഒരു ലോകവീക്ഷണമുള്ളതായി ഞാൻ കണ്ടിട്ടില്ല. മനുഷ്യൻെറ ശാരീരികാവസ്ഥയ്ക്ക് ഒപ്പമോ, അതിലുപരിയായോ മനസ്സിനും ആത്മാവിനും പ്രാധാന്യം കൊടുത്തിട്ടുള്ള മറ്റൊരു വൈദ്യശാഖ ആയുർവേദം പോലെ ഉണ്ടെന്ന് തോന്നുന്നില്ല. സത്തായ വിചാരത്തെയും സത്തായവികാരത്തെയും സത്തായ ആഹാരത്തെയും കുറിച്ച് ആയുർവേദം പേർത്തും പേർത്തും പറയുന്നു. ഔഷധങ്ങളെക്കുറിച്ച് പറയുന്നതിനു മുൻപായി സദ്വൃത്തനാകുന്നതിനെക്കുറിച്ചും, സദ്വ്രതനാകുന്നതിനെക്കുറിച്ചും സദാചാരനിരതനാകുന്നതിനെക്കുറിച്ചുമാണ് ആ ശാസ്ത്രം പറയുന്നത്. പാപങ്ങളെ മനസ്സിനെയും ശരീരത്തെയും ദുഷിപ്പിക്കുന്ന രോഗകാരണങ്ങളായി പറയുന്ന മറ്റേതെങ്കിലും ശാസ്ത്രമുണ്ടോ എന്ന് എനിക്കറിയില്ല. മറ്റു വൈദ്യന്മാർ സാധാരണ ഗതിയിൽ ഈ മുഖ്യാംശത്തെ മറന്ന് വ്യാധിവിപരീതം മാത്രമായ ചികിത്സയിൽ മുഴുകുമ്പോൾ തിരുമുൽപ്പാട് അതിനെ താൻ ഒരിക്കലും വ്യതിചലിക്കാൻ കൂട്ടാക്കാത്ത ലോകവീക്ഷണമാക്കി. 'യാദൃച്ഛികമായി ഒന്നും സംഭവിക്കുന്നില്ല' എന്ന് വളരെ മൃദുവായി അദ്ദേഹം പറയുമ്പോൾ രോഗത്തിൻെറ കാര്യത്തിൽ രോഗിക്കും രോഗിയുടെ സമൂഹത്തിനും ഉള്ള ഉത്തരവാദിത്വത്തെക്കുറിച്ചാണ് അദ്ദേഹം ശക്തമായി താക്കീത് ചെയ്യുന്നത്. പ്രകൃതിയുടെ ഈ കർക്കശതയെ ദ്യോതിപ്പിക്കാനാകാം, അദ്ദേഹത്തിൻെറ സംഭാഷണങ്ങളിൽ എപ്പോഴും കടന്നുവരുന്ന വാക്കാണ് 'പ്രകൃതിനിയമ'മെന്നത്. (ചെറുകഥയായി തുടങ്ങിയ ഒരു രചന ഇനിയും എത്രയെങ്കിലും കൂട്ടിച്ചേർക്കലുകൾ ആവശ്യപ്പെടുന്ന നോവലായി വളർന്നു പോകുന്നത് കണ്ട് ഞാൻ വല്ലാതെ പരിഭ്രമിച്ചു. അന്നേക്ക് ഏറെക്കുറെ ശയ്യാവലംബിയായി തീർന്ന എനിക്ക് രചനയുടെ സ്വാഭാവിക ഗതിക്കൊത്ത് സഞ്ചരിക്കാൻ ആകുമായിരുന്നില്ല. മറ്റു നൂറു കുഴപ്പങ്ങളും. പലതും പറയപ്പെടാതെപോയതു കൊണ്ടുള്ള അപൂർണതയ്ക്ക് പരിഹാരമായി സാർവോൽഗ്രാഹിത്വമുള്ള, തിരുമുൽപ്പാടിൻെറ ഇഷ്ടപദം തലക്കെട്ടായി കൊടുത്ത് ഞാൻ പുസ്തകത്തിന് പെട്ടെന്നൊരു പൂർണവിരാമമിടുകയായിരുന്നു.) താൻ പഠിച്ച ആയുർവേദഗ്രന്ഥങ്ങളുടെ അതേ ദർശനപശ്ചാത്തലം തന്നെ ഉപനിഷത്തുകളിലും ബുദ്ധനിലും ഗീതയിലും കണ്ടെത്തി അദ്ദേഹം ദിനേന സ്വത്വബലം വർധിപ്പിച്ചു. കൂടുതൽ സാമൂഹികവും സമകാലികവുമായ ഗാന്ധിദർശനത്താൽ ഈ ഉൾക്കാഴ്ചകളെ കൂടുതൽ സമ്പുഷ്ടമാക്കി വ്യക്തിരോഗങ്ങളുടെയും സമൂഹരോഗങ്ങളുടെയും ചികിത്സയിലേക്ക് അദ്ദേഹം വിക്ഷേപിച്ചു. ഞാൻ ജ്ഞാനാർഥി എന്നതിനോടൊപ്പം ചികിത്സാർഥിയായും തിരുമുൽപ്പാടിനടുത്ത് നിത്യനായിരുന്ന അക്കാലത്ത് എൻെറ കൺമുന്നിൽതന്നെയാണ് മുൻപു പറഞ്ഞ ലളിതമനസ്സയും നിരാലംബയുമായ ആ സ്ത്രീക്ക് അത്ഭുത രോഗശാന്തി ലഭിച്ചത്. ഞങ്ങളുടെ ചികിത്സാനുഭവങ്ങളെ താരതമ്യം ചെയ്ത് രോഗാരോഗ്യങ്ങളെ കുറിച്ചുള്ള അദ്ദേഹത്തിൻെറ മുൻ

കാൾ മാർക്സ്
–ഒരു പെയിൻറിങ്



പറഞ്ഞ അഭിവീക്ഷണം തൊട്ടറിയാനുള്ള ഒരു അവസരവുമായി തീർന്നു അത്. സർവാംഗങ്ങളിലുമുള്ള രോഗങ്ങൾ എൻെറ യൗവനത്തെ തിന്നുതുടങ്ങിയ ഒരുകാലത്താണ് ഞാൻ തിരുമുൽപ്പാടുമായി കൂടുതൽ അടുപ്പത്തിലാകുന്നത്. എല്ലാ സ്വപ്നങ്ങളും എല്ലാ ജോലികളും ബാക്കിയായിരുന്നതിനാൽ എനിക്ക് സത്വര രോഗശമനം അത്യാവശ്യമായിരുന്നു. പരിപൂർണമായ കലയും സമ്പൂർണ വിപ്ലവവും പോലെ രോഗശമനവും എൻെറ അവകാശമാണെന്ന മട്ടിലുള്ള ഒരു ധാർഷ്ട്യത്തോടെയായിരുന്നിരിക്കണം ഞാൻ ചികിത്സയെ സമീപിച്ചിരുന്നത്. മറ്റിടങ്ങളിലെന്നതുപോലെ തിരുമുൽപ്പാടിൻെറ ചികിത്സയും ഫലപ്രദമായില്ല. ഫലവത്താവാത്തതിൽ തിരുമുൽപ്പാടിന് എന്തെങ്കിലും അതിശയമുള്ളതായും തോന്നിയിട്ടില്ല. ഞാൻ രാഗാദിരോഗങ്ങളാലാണ് പീഡിതനായിരിക്കുന്നത് എന്ന് അദ്ദേഹം തിരിച്ചറിഞ്ഞിരിക്കണം. ഉത്തമകലയെക്കുറിച്ചുള്ളതായാലും സാമൂഹികമാറ്റത്തെക്കുറിച്ചുള്ളതായാലും രാഗങ്ങൾ രാഗങ്ങൾതന്നെ. രാഗങ്ങളെല്ലാം രോഗങ്ങളാണ് എന്നാണ് ആചാര്യമതം – ഇത്തരത്തിലായിരുന്നിരിക്കണം അദ്ദേഹം ചിന്തിച്ചിരുന്നത്. 'വിനാശകങ്ങളായ വിചാരങ്ങളുടെയും കോപം, ഭയം, ദ്വേഷ്യം, ദ്വേഷം, പരിഭ്രമം, മത്സരം, അഹങ്കാരം, ധിക്കാരം തുടങ്ങിയ വികാരങ്ങളുടെയും' ഒരു സങ്കേതമായിട്ടായിരിക്കും അദ്ദേഹമെന്നെ കണ്ടിട്ടുണ്ടായിരിക്കുക. ഈ രാഗങ്ങളുടെയും വികാരങ്ങളുടെയും കാര്യത്തിൽ ഒരു സുവർണതുലനം

**'പ്രകൃതിനിയമം' നോവലായി വളരുന്നത് കണ്ട് ഞാൻ പരിഭ്രമിച്ചു. ശയ്യാവലംബിയായി തീർന്ന എനിക്ക് രചനയുടെ ഗതിക്കൊത്ത് സഞ്ചരിക്കാനായിരുന്നില്ല. അപൂർണതയ്ക്ക് പരിഹാരമായി തിരുമുൽപ്പാടിൻെറ ഇഷ്ടപദം തലക്കെട്ടായി കൊടുത്ത് ഞാൻ പൂർണവിരാമമിട്ടു.**

കൈവരുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് അദ്ദേഹം സംവാദങ്ങളുടെ രൂപത്തിൽ എന്നെ ചികിത്സിക്കാൻ ശ്രമിച്ചത്. സ്വന്തം ജീവിതാനുഭവത്തിൽ നിന്ന് ലഭിച്ചതാണ് അദ്ദേഹത്തിന് ഈ ബോധ്യം. യൗവനാരംഭത്തിൽ തന്നെ തർജമ ചെയ്ത ഭഗവദ്ഗീതയിലേക്ക് സംഭാഷണങ്ങളിൽ ഇടക്കിടെ അദ്ദേഹം തിരിച്ചുപോകും. എൻെറ വാദഗതികൾക്ക് ഉത്തരമെന്ന നിലയിൽ മാത്രമായിരുന്നില്ല അത്. യൗവനത്തിൽ തന്നെ കടുത്ത ക്ഷയരോഗം ബാധിച്ച് മദ്രാസിലെ ജോലി ഉപേക്ഷിച്ച് നിസ്വനായി



നാട്ടിൽ തിരിച്ചെത്തിയ, എൻേറതിനോട് സമാന്തരമായ, കഥ അദ്ദേഹം പറയാറുണ്ട്. രണ്ടാം വട്ടം പൂർവാധികം ശക്തിയോടെ രോഗം തിരിച്ചുവന്നപ്പോൾ വൈദ്യന്മാർ അസാധ്യം എന്നു കരുതിയ ആ രോഗം മാറാൻ ഔഷധചികിത്സയേക്കാൾ അദ്ദേഹം ആശ്രയിച്ചത് ആത്മീയ ചികിത്സയെയായിരുന്നു. തിരുമുൽപ്പാടിന് മാതൃകാപുരുഷനായിരുന്ന വെങ്കിടാചലം അയ്യർ മാസ്റ്റർ നിർദേശിച്ചത് അനുസരിച്ച് അദ്ദേഹം ഗീത തർജമചെയ്യാൻ തുടങ്ങി. തർജമ പുരോഗമിക്കും തോറും രോഗം കുറഞ്ഞുകുറഞ്ഞു വന്ന് അത് പൂർണമാകുമ്പോഴേക്കും സാമാന്യമായ ആരോഗ്യത്തിലേക്കെത്തിയത്രെ. എൻെറ മേൽ ഔഷധങ്ങൾ ഫലിക്കാതെ വരുമ്പോൾ താദൃശമായ എന്തെങ്കിലും പദ്ധതിയിൽ ഏർപ്പെടാനാണ് അദ്ദേഹം പകുതി കളിയായും പകുതി കാര്യമായും നിർദേശിക്കാറുള്ളത്.

ശിഷ്യരിൽ അദ്ദേഹത്തിനോട് ഏറ്റവും അടുപ്പമുള്ള ഡോ. എം. പ്രസാദ് അദ്ദേഹത്തിൻെറ ശാസ്ത്രാന്വേഷണങ്ങളെ ഇങ്ങനെ സംഗ്രഹിക്കുന്നു. 'രോഗരോഗീപരീക്ഷയിലും ഔഷധനിർണയത്തിലും ഉള്ള ഓരോ അനുഭവത്തെയും ശാസ്ത്രസംസ്കാരമാകുന്ന തൻെറ ഗവേഷണശാലയിൽ വിശകലനവിധേയമാക്കുകയും ശാസ്ത്രത്തിൻെറ എഴുതാപ്പുറങ്ങളുടെ സമൃദ്ധിയിൽ ഏകാകിയായി അലയുകയും ചെയ്യുന്ന ഒരു മനസ്സ് അദ്ദേഹത്തിന് കൈമുതലായുണ്ട്. നിരന്തരമായ ഇത്തരം അലച്ചിലുകൾക്കിടയിലാണ് പ്രത്യേക ഔഷധയോഗങ്ങൾക്ക് പ്രത്യേക രോഗമാർഗങ്ങളോടുള്ള അടുപ്പം അല്ലെങ്കിൽ ചായ്‌വ് അദ്ദേഹം കണ്ടെത്തുന്നത്. ഭാവിയിൽ ആയുർവേദ ചികിത്സയുടെ അടിസ്ഥാന തത്ത്വങ്ങളെ പുതിയൊരു വെളിച്ചത്തിൽ വിശദീകരിക്കുവാനുള്ള സൂക്ഷ്മ ബീജങ്ങൾ ആ ആശയത്തിൽ ഒളിഞ്ഞിരിക്കുന്നുണ്ടെന്നു കരുതുന്നതിൽ തെറ്റില്ല. മനുഷ്യജീവൻ എന്ന മഹാസമസ്യയെ അതിൻെറ സമഗ്രതയിൽ നിരന്തരം നിരീക്ഷിച്ചറിയുന്നതിൽ സദാ ശ്രദ്ധിക്കുന്ന ഒരു ജ്ഞാനിക്കു മാത്രമാവാം ഇങ്ങനെയൊക്കെ പറയാനും ഓർമപ്പെടുത്താനും കഴിയുക.'

തിരുമുൽപ്പാടിൻെറ ചികിത്സകജീവിതത്തിൽ സ്വാഭാവികമായും പരാജയങ്ങളും ഉണ്ടായിട്ടുണ്ട്. മുൻപു പറഞ്ഞതുപോലെ, തൻെറ നിയന്ത്രണത്തിലല്ലാത്ത സാമൂഹിക വ്യാധികളുടെ പിടിയിൽ നിന്ന് വ്യക്തികളെ രക്ഷിക്കാൻ ആയിട്ടുണ്ടാവില്ല എന്നതുകൊണ്ടാണത്. അതിനാൽ അവ സമൂഹത്തിൻെറകൂടി പരാജയങ്ങളാണ്. എന്നാൽ തൻെറ ചികിത്സകജീവിതത്തിൻെറ നല്ലൊരു പങ്ക് സമൂഹത്തിൻെറ ബധിരതയോട് ഈ വ്യാധികളെക്കുറിച്ച് പറയാനാണ് അദ്ദേഹം ഉപയോഗിച്ചത്. ഒരുപക്ഷേ, അദ്ദേഹത്തിൻെറ ശ്രദ്ധപിടിച്ചുപറ്റിയ ഏറ്റവും വലിയ സാമൂഹികവ്യാധി ആയുർവേദത്തിന് സംഭവിച്ച അപചയമാണ്. 'നമ്മുടെ ചുറ്റുപാടും കാണുന്ന നാലഞ്ചു കൂട്ടം മരുന്നുകൾ കൊണ്ട് ഏതു രോഗവും ചികിത്സിക്കാൻ' ഉള്ള സന്നദ്ധതയോടെ വൈദ്യജീവിതം ആരംഭിച്ച തിരുമുൽപ്പാടിൻെറ കൺമുന്നിൽ തന്നെ ഔഷധസസ്യങ്ങളെ തിരിച്ചറിയാൻ പോലും കഴിവില്ലാത്ത ഭിഷഗ്വരസമൂഹവും രോഗീ സമൂഹവും രൂപപ്പെട്ടു. ചെറിയ ജനപഥങ്ങളെ പരിചരിച്ച് വളർന്ന്‌വന്ന ഒരു സ്വയംപര്യാപ്തശാസ്ത്രത്തിൻെറ ഉദാത്തമൂല്യങ്ങൾക്ക് ശോഷണം വരാതെ അതിനെ എങ്ങനെ പുതിയ കാലത്തിനും വിശാലലോകത്തിനും ഉപയുക്തമാക്കാം എന്ന ആലോചന വൃദ്ധവൈദ്യന്മാരും ആരോഗ്യപ്രവർത്തകരും ഭരണനേതൃത്വവും ചേർന്ന് നടത്തേണ്ടതാണ്. അത് വേണ്ടത്രയുണ്ടാകുന്നില്ല. ഏത് രംഗത്തുമെന്നതു പോലെ വൈദ്യരംഗത്തും തത്കാലം തിന്മയുടെ ശക്തികൾ സജീവവും നന്മയുടെ ശക്തികൾ ദുർബലവുമാകുന്നു. തിരുമുൽപ്പാട് എന്നാൽ നിസ്സംഗനാണ്. എന്തെങ്കിലും നല്ല കാലത്ത് ഉപകാരപ്പെടാവുന്ന ഉപകരണങ്ങളുടെ നിർമിതിയിലും പുതുക്കലിലും ഏർപ്പെട്ടിരിക്കുകയായിരുന്നു ഇത്രയും കാലം അദ്ദേഹം.■